# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2025 13/06/2019-ൽ മറുപടിക്ക്

## ഹൃദ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സാസൗകര്യങ്ങൾ ഏതെല്ലാം ആശുപത്രികളിലാണ് നിലവിലുള്ളതെന്നും ഇതുവഴി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ; | എ) | ജന്മനായുള്ള ഹൃദ്രോഗം അഥവ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും, ശ്രീ ചിത്രാ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും ഹൃദ്യം പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം, ആസ്റ്റർ മെഡിസിറ്റി, എറണാകുളം, ലിസി ആശുപത്രി, എറണാകുളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല, മിംസ് ഹോസ്പിറ്റൽ, കോഴിക്കോട് എന്നീ ആശുപത്രികളെ ഹൃദ്യം പദ്ധതിയ്ക്ക് മാത്രം എംപാനൽ ചെയ്തിട്ടുണ്ട്.<br><br>ഹൃദ്യം പദ്ധതി വഴി നല്കി വരുന്ന ആനുകൂല്യങ്ങൾ<br>1. ഹൃദ്യം പദ്ധതി വഴി 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സ, ശസ്ത്രക്രിയ ഉൾപ്പെടെ സൗജന്യമായി ലഭ്യമാക്കുന്നു.<br>2. APL/BPL വ്യത്യാസമില്ലാതെ ജനനം മുതൽ 18 വയസുവരെയുള്ള ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന, കേരളത്തിന് അകത്തുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതി വഴി |

| | | | |
|---|---|---|---|
| | | | ചികിത്സ സൗകര്യം ലഭ്യമാണ്.<br><br>3. ഗർഭാവസ്ഥയിൽ ഹൃദ്രോഗം കണ്ടെത്തുന്ന കുഞ്ഞുങ്ങൾക്കും ഹൃദ്യം പദ്ധതിവഴി സേവനങ്ങൾ ലഭ്യമാണ്.<br>4. പ്രധാന സർക്കാർ പ്രസവാശുപത്രികളിൽ ജന്മനായുള്ള ഹൃദ്രോഗം നേരത്തെ കണ്ടെത്തുന്നതിന് " ശലഭം" പദ്ധതിയിൽ ഉൾപ്പെടുത്തി 'പൾസ് ഓക്സീമീറ്റർ' പരിശോധന നടത്തിവരുന്നു.<br>5. ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗവിദഗ്ദന്റെ സഹായത്തോടെ, ECHO ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെതന്നെ കൃത്യമായി അസുഖം കണ്ടെത്തി ഹൃദ്യം പദ്ധതിവഴി ചികിത്സ സാധ്യമാക്കുന്നു. |
| ബി) | സർക്കാർ ആശുപത്രികൾക്ക് പുറമേ കൂടുതൽ സ്വകാര്യ ആശുപത്രികളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) | ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് വിദഗ്ധ ചികിത്സയും സർജ്ജറിയും ലഭ്യമാകുന്ന ആശുപത്രികളിൽ പ്രത്യേക ചികിത്സാ സൗകര്യങ്ങളുടെയും, സേവനങ്ങളുടെയും, വിദഗ്ധരായ ഡോക്ടർമാർ മറ്റ് വിദഗ്ധ ജീവനക്കാരുടെ ലഭ്യതയ്ക്കും അനുസരിച്ചാണ് ഹൃദ്യം പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിരിക്കുന്നത്. കൂടാതെ ശ്രീചിത്രാ ആശുപത്രി, മെഡിക്കൽ കോളേജ്, കോട്ടയം എന്നീ ആശുപത്രികളിലെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട വിദഗ്ധരായ ഡോക്ടർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ ടീമിന്റെ നേരിട്ടുള്ള പരിശോധനയുടെയും |

| | | | |
|---|---|---|---|
| | | | വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സാ സൗകര്യമുള്ള മറ്റ് ആശുപത്രികളുടെ ഭാഗത്ത് നിന്നും 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും', ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുടെ / വിദഗ്ധരായ സർജ്ജൻ, ഡോക്ടർ, ജീവനക്കാരുടെ വിശദാംശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് എംപാനൽ നടപടികൾ ആരംഭിക്കുന്നതിനുള്ള തീരുമാനം സംസ്ഥാന മിഷൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ